(ഡി) ഡ്രഡ്ജിംഗിനായി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

വർഷം	തുക
2011-12	57.77 കോടി
2012-13	110.29 കോടി
2013-14	122.64 കോടി
2014-15	112.06 കോടി

(ഇ) വല്ലാർപാടം പദ്ധതി നിലവിൽ വരുന്നതിനുമുമ്പ് Rajiv Gandhi Container Transshipment ടെർമിനലിലൂടെ സ്വരൂപിച്ചിരുന്ന വരുമാനം അനുബന്ധമായി ചേർക്കുന്നു.* 300 പേർക്ക് നേരിട്ട് തൊഴിൽ നൽകിയിട്ടുണ്ട്.

വൈക്കം നിയോജകമണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ

184 (192) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രവൃത്തികളാണ് വൈക്കം നിയോജക മണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ളതെന്നും പ്രസ്തുത ഓരോ പ്രവർത്തിക്കായി എത്ര തുക വീതം വകയിരുത്തിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ;

(ബി) ഹാർബർ എഞ്ചിനീയറിംഗ് ഏറ്റെടുത്ത പ്രവൃത്തികളിൽ ഏതൊക്കെയാണ് വൈക്കം നിയോജക മണ്ഡലത്തിൽ ഇനിയും ആരംഭിക്കാനാകാത്തതെന്നും എന്തു കാരണങ്ങളാലാണ് അവ തുടങ്ങാത്തതെന്നും വ്യക്തമാക്കുമോ ;

(സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വൈക്കം നിയോജക മണ്ഡലത്തിൽ അനുവദിച്ച തുക എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം "തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതി" യിൽ ഉൾപ്പെടുത്തി വൈക്കം നിയോജകമണ്ഡലത്തിലുൾപ്പെട്ട 21 റോഡുകളുടെ പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് ഏറ്റെടുത്തിട്ടുണ്ട്.

	പ്രവൃത്തിയുടെ പേര്	ഭരണാനുമതി തുക (ലക്ഷം)	ഇപ്പോഴത്തെ അവസ്ഥ
1	മാട്ടുങ്കൽ മട്ടപ്പള്ളി റോഡ്	27.00	പ്രവൃത്തി പൂർത്തീകരിച്ചു
2	ചെമ്പനാകരി- ഓൾഡ് ജെട്ടി-കളങ്ങര റോഡ്	24.00	പ്രവൃത്തി പൂർത്തീകരിച്ചു
3	കോട്ടച്ചിറമുക്കിൽ റോഡ് നിർമ്മാണം	21.00	പ്രവൃത്തി പൂർത്തീകരിച്ചു
4	കാട്ടിൽക്കുന്ന്-പാലക്കരി ഫിഷ് ഫാം റോഡ്	46.00	പ്രവൃത്തി പൂർത്തീകരിച്ചു
5	ചാത്തനാട്- തറവട്ടം റോഡ്	37.00	പ്രവൃത്തി പൂർത്തീകരിച്ചു
6	ചെമ്പിലരയൻ- തൈലം പറമ്പ് റോഡ്	36.50	പ്രവൃത്തി പുരോഗമിക്കുന്നു
7	അംബികാമാർക്കറ്റ്-സാമിക്കല്ല് റേഡിന്റെ നിർമ്മാണം	88.00	പ്രവൃത്തി പുരോഗമിക്കുന്നു
8	മടത്തിൽപറമ്പ്- കരിയാർ റോഡ് വാർഡ് നം.13	14.00	പ്രവൃത്തി പുരോഗമിക്കുന്നു
9	ജെട്ടി-കണവള്ളി-പുത്തൻതറ റോഡിന്റെ നിർമ്മാണം	43.00	പ്രവൃത്തി പുരോഗമിക്കുന്നു
10	നക്കംഭൂരുത്ത് എരുമ്പുഴിക്കര റോഡിന്റെ നിർമ്മാണം	21.00	പ്രവൃത്തി പൂർത്തീകരിച്ചു

11	പ്ലാക്കോട്ടം- മാട്ടങ്കൽ റോഡ്- വാർഡ് നം.12	58.00	പ്രവൃത്തി പുരോഗമിക്കുന്നു
12	പടിക്കൽക്കുളം- കൊച്ചുപറമ്പ്- മുഴിക്കോട് റോഡിന്റെ നിർമ്മാണം	40.00	പ്രവൃത്തി പുരോഗമിക്കുന്നു
13	ചെമ്പങ്ങാടി-ചെമ്പകശ്ശേരി റോഡിന്റെ നിർമ്മാണം	92.00	പ്രവൃത്തിയുടെ ദർഘാസിന് 21.11.15-ൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
14	പഴത്തുവെളി-പട്ടശ്ശേരി റോഡ് നിർമ്മാണം	92.00	പ്രവൃത്തി ആരംഭിച്ചു
15	പ്രിയദർശിനി മൂലക്കേരി റോഡ്	80.00	പ്രവൃത്തി ആരംഭിച്ചു
16	ചെമ്പു ഗ്രാമപഞ്ചായത്തിൽ പാലക്കരി ഫിഷ് ഫാം ചെമ്പുവാലേൽ റോഡ്	41.00	ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും ഭൂമിലഭ്യത സാക്ഷ്യപത്രം കിട്ടാത്തതിനാൽ ദർഘാസ് നടപടികൾ വൈകുന്നു
17	പുത്തൻതറ കാനംപറമ്പ് റോഡ്- ചെമ്പു ഗ്രാമപഞ്ചായത്ത്	19.00	സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു
18	കുളത്തിത്തറ കണ്ടത്തിത്തറ റോഡ് മറവൻ തുരുത്ത് പഞ്ചായത്ത്	49.00	സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു
19	മാത്തച്ചൻ മണിപ്പാടം ഉദയനാപുരം പഞ്ചായത്ത്	30.50	ആദ്യ ദർഘാസിൽ ആരും പങ്കെടുക്കാത്തതിനാൽ

LIBRARY ARCHIVES Kerala Legislative Assembly

			പുന:ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്.
20	എഴുമാലിൽ നാനാടം റോഡ് ഉദയനാപുരം പഞ്ചായത്ത്	33.00	ആദ്യ ദർഘാസിൽ ആരും പങ്കെടുക്കാത്തതിനാൽ പുന:ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്.
21	ശ്രീ.മുരുകാ ഒൻപത്കണ്ടം റോഡ് ഉദയനാപുരം പഞ്ചായത്ത്	30.00	ആദ്യ ദർഘാസിൽ ആരും പങ്കെടുക്കാത്തതിനാൽ പുന:ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്.

(ബി) വൈക്കം നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്ത പ്രവൃത്തികളിൽ ഇനിയും ആരംഭിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

	പ്രവൃത്തിയുടെ പേര്	ഭരണാനുമതി തുക (ലക്ഷം)	ഇപ്പോഴത്തെ അവസ്ഥ
1	മാത്തച്ചൻ മണിപ്പാടം ഉദയനാപുരം പഞ്ചായത്ത്	30.50	ആദ്യ ദർഘാസിൽ ആരും പങ്കെടുക്കാത്തതിനാൽ പുന:ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്.
2	പുത്തൻതറ കാനംപറമ്പ് റോഡ്- ചെമ്പു ഗ്രാമപഞ്ചായത്ത്	19.00	സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു
3	കുളത്തിത്തറ കണ്ടത്തിത്തറ റോഡ് മറവൻതുരുത്ത് പഞ്ചായത്ത്	49.00	സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു

LIBRARY ARCHIVES Kerala Legislative Assembly

4	പാലക്കരി ഫിഷ് ഫാം-ചെമ്പുവാലേൽ റോഡ്	41.00	ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും ഭൂമിലഭ്യത സാക്ഷ്യപത്രം കിട്ടാത്തതിനാൽ ദർഘാസ് നടപടികൾ വൈകുന്നു
5	എഴുമാലിൽ നാനാടം റോഡ് ഉദയനാപുരം പഞ്ചായത്ത്	33.00	ആദ്യ ദർഘാസിൽ ആരും പങ്കെടുക്കാത്തതിനാൽ പുന:ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്.
6	ചെമ്പങ്ങാടി-ചെമ്പകശ്ശേരി റോഡിന്റെ നിർമ്മാണം	92.00	പ്രവൃത്തിയുടെ ദർഘാസിന് 21.11.15-ൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.
7	ശ്രീ.മുരുകാ ഒൻപത് കണ്ടം റോഡ്-ഉദയനാപുരം പഞ്ചായത്ത്	30.00	ആദ്യ ദർഘാസിൽ ആരും പങ്കെടുക്കാത്തതിനാൽ പുന: ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്.

(സി) വൈക്കം നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

2011-2012	72.00 ലക്ഷം
2012-2013	119.50 ലക്ഷം
2013-2014	528.00 ലക്ഷം
2014-2015	60.00 ലക്ഷം
2015-2016	142.50 ലക്ഷം
ആകെ	922.00 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly